

ചര്‍ച്ച തുടരുന്നു...

**ഗാന്ധിയന്‍ രക്ഷകര്‍തൃത്വത്തെയല്ല, ജാതിക്ക് കുറുകെ സാധ്യമാകേണ്ട സാഹോദര്യത്തെയും ജാതിവിരുദ്ധ സമരങ്ങളെയുമാണ് സ്വതന്ത്രകര്‍തൃത്വത്തിലൂന്നുന്ന ദലിത് രാഷ്ട്രീയം ഗാന്ധിയന്മാരില്‍ നിന്നും പ്രതീക്ഷിക്കുന്നതെന്ന്**

**ശ്രീജിത്ത് പൈതലേന്‍**

# ഗാന്ധിയന്‍ വികേന്ദ്രീകരണത്തില്‍ ദലിതരുടെ സ്ഥാനം

"ഗ്രാമസഭ, പഞ്ചായത്തീരാജ് എന്നീ പദങ്ങളേക്കാള്‍ രാഷ്ട്രീയമുള്ള ഗ്രാമസ്വരാജ് എന്ന വാക്ക് മുന്നോട്ട് വെച്ചത് വിനോബയാണ്. ഗ്രാമസഭയിലൂടെ ഗ്രാമസ്വരാജിലേക്ക് എത്തുക എന്നതാകണം ലക്ഷ്യമെന്ന് വിനോബ പറഞ്ഞിട്ടുണ്ട്. പേരിലല്ല കാര്യം, വില്ലേജ്തലത്തില്‍ ലഭ്യമാകുന്ന അധികാരത്തെ ജനങ്ങള്‍ എങ്ങനെ ക്രിയാത്മകമായി ഉപയോഗിക്കുന്നു എന്നതാണ് പ്രധാനം. "

*– കേരളീയം , 2011 ഒക്ടോബര്‍ ലക്കം*

മഹാനായ ഗാന്ധി ശിഷ്യന്‍ നാരായണ്‍ ദേസായി വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഗാന്ധിയന്‍ സങ്കല്പങ്ങള്‍ എം.പി. പരമേശ്വരനോട് വ്യക്തമാക്കിയ വാക്കുകളാണിവ. തുടര്‍ന്ന് ഗ്രാമസ്വരാജ് സംവിധാനത്തിന്റെ വിജയകഥയായി മഹാരാഷ്ട്രയിലെ അതിര്‍ത്തി ജില്ലയായ ഗഡ്ചിറോളിയിലെ മേന്‍ഢലേഖ ഗ്രാമത്തെ ചൂണ്ടിക്കാട്ടുന്നു. നക്സലൈറ്റുകളും സര്‍ക്കാരും പതിവായി ഏറ്റുമുട്ടുന്ന ഗഡ്ചിറോളി ജില്ലയിലാണ് ഇത് സാധ്യമായതെന്ന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറയുന്നു.

ഐക്യത (Unanimity) മുറുകെ പിടിക്കുന്ന ഈ ഗ്രാമത്തെ നാരായണ്‍ ദേസായി ഒരു മാതൃകയായി ഉയര്‍ത്തിക്കാട്ടുന്നു. ആ ഗ്രാമത്തെ നിയന്ത്രിക്കുന്ന സര്‍വ്വസേവാസംഘത്തിന്റെ ചെയര്‍മാന്‍ ആയി പ്രവര്‍ത്തിച്ച കാലത്ത് ആ മനുഷ്യസ്നേഹി നേരിട്ട് മനസ്സിലാക്കിയ കാര്യങ്ങളാണ് പിന്നീട് പറയുന്നത്. അത് വളരെ പ്രധാനപ്പെട്ടതാണെന്ന് ഞാന്‍ കരുതുന്നു. ഗാന്ധിയെക്കുറിച്ചുള്ള ഈ ചര്‍ച്ചയില്‍ ഞാന്‍ ഇടപെടാന്‍ ആഗ്രഹിക്കുന്നത് ഇവിടെയാണ്. അതിനുവേണ്ടി ഞാന്‍ അദ്ദേഹത്തിന്റെ കുറച്ചധികം വാക്കുകള്‍ ഇവിടെ ചേര്‍ത്തു വായിക്കുന്നു.

"ഐക്യകണ്ഠേനയോ (Unanimously), സര്‍വ്വസമ്മതിയോടെയോ (Consensus) മാത്രമേ തീരുമാനങ്ങള്‍ എടുക്കാവൂ എന്ന നിയമം സര്‍വ്വസേവാസംഘം പാലിച്ചു

കേരളീയം ഗാന്ധിയന്‍ പ്രത്യേകലക്കത്തിന്റെ പ്രകാശന ചടങ്ങില്‍ അവതരിപ്പിച്ച പ്രബന്ധം

പോകുന്നുണ്ട്. പക്ഷേ Unanimity യുടെ സ്പിരിറ്റ് എല്ലാവരും ഒരുപോലെ ഉൾക്കൊള്ളുന്നില്ല എന്ന് എനിക്ക് പലപ്പോഴും മീറ്റിംഗുകളിൽ തോന്നിയിട്ടുണ്ട്. ഐക്യകണ്ഠേനയുള്ള തീരുമാനങ്ങൾക്ക് പിന്നിൽ പല തരത്തിലുള്ള സമ്മർദ്ദങ്ങളും വരുന്നതായാണ് കാണാൻ കഴിയുന്നത്. Unanimity ക്ക് നല്ല ക്ഷമയും ജനാധിപത്യബോധവും ആവശ്യമാണ്."

ഉൾക്കാഴ്ചയുള്ള ഈ വാക്കുകൾക്ക് ശേഷം ഗാന്ധിയൻ തത്വങ്ങളല്ല പ്രയോഗങ്ങളാണ് ഇന്ന് പ്രതിസന്ധിയിലായിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞുവെക്കുന്നു.

നക്സലൈറ്റുകളും സർക്കാരും പതിവായി ഏറ്റുമുട്ടുന്ന ഗഡ്ചിറോളി ജില്ലയിലെ ധനോറ താലൂക്കിൽപ്പെട്ട റാഞ്ചി ഗ്രാമനിവാസിയും ബി എസ്സി ബിരുദധാരിയുമായ ദലിത് യുവാവ് ഖേം ചന്ദ്ര പൊതാവിയുടെ അനുഭവം (നേരിട്ട് പറഞ്ഞത്) ഇതിനോട് ചേർത്ത് പറയേണ്ടതാണെന്ന് എനിക്ക് തോന്നുന്നു. ബി.എസ്സി അവസാന വർഷ റിസൾട്ട് വന്ന ശേഷമുള്ള ഒരു മാസക്കാലം ഖേം ചന്ദ്രിന് മാനസിക സമ്മർദ്ദം മൂലം ഉറക്കം പൂർണ്ണമായി നഷ്ടമായി. ഒന്നുകിൽ സർക്കാർ സർവ്വീസിൽ ചേരുക അല്ലെങ്കിൽ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ഭാഗമാകുക. അതിനുള്ള മുന്നറിയിപ്പുകൾ ചുറ്റുപാടിൽ നിന്നും കിട്ടിയതാണ് ആ യുവാവ് മാനസിക സമ്മർദ്ദത്തിലാകാൻ കാരണമായത്.



**ഗാന്ധിയും അംബേദ്കറും തിരിച്ചറിഞ്ഞ ജാതി എന്ന സാമൂഹ്യയാഥാർത്ഥ്യത്തെ നേരിടാൻ ഗാന്ധിസവും നക്സലിസവും ഭരണകൂടവും പരാജയപ്പെടുക മാത്രമല്ല, ചിലപ്പോൾ ഇവതന്നെ ജാതിയുടെയും സാമ്രാജ്യത്വത്തിന്റെയും വാഹകരാകുന്നതാണ് ഇന്ത്യൻ ദലിത് യാഥാർത്ഥ്യം**

വർണ്ണവ്യവസ്ഥയെ അസന്നിഗ്ധമായി നിഷേധിക്കാത്ത ഗാന്ധിയെയും ഗാന്ധിസത്തെയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സർവ്വസേവാസംഘത്തിന്റെ ഐക്യകണ്ഠേനയുള്ള തീരുമാനങ്ങൾക്ക് പിന്നിൽ നാരായൺ ദേസായി വ്യക്തമാക്കാൻ ആഗ്രഹിക്കാത്ത സമ്മർദ്ദങ്ങൾ കടന്നു വരുമ്പോൾ ഖേം ചന്ദ്ര ജാതിവ്യവസ്ഥയുടെ യാഥാർത്ഥ്യങ്ങളെ ഇനിയും പൂർണ്ണമായും അംഗീകരിക്കാത്ത നക്സലിസത്തിനും പരാജയമടയുന്ന ഭരണകൂടത്തിനും ഇടയിൽപ്പെട്ട് മാനസികസമ്മർദ്ദം അനുഭവിക്കുന്നു. ഗാന്ധിയും അംബേദ്കറും തിരിച്ചറിഞ്ഞ ജാതി എന്ന സാമൂഹ്യയാഥാർത്ഥ്യത്തെ നേരിടാൻ ഗാന്ധിസവും നക്സലിസവും ഭരണകൂടവും പരാജയപ്പെടുക മാത്രമല്ല, ചിലപ്പോൾ ഇവ തന്നെ ജാതിയുടെയും സാമ്രാജ്യത്വത്തിന്റെയും വാഹകരാകുന്നതാണ് ഇന്ത്യൻ ദലിത് യാഥാർത്ഥ്യം. ഇത് വ്യക്തമാക്കാനാണ് ഖേംചന്ദ്രയുടെ അനുഭവം ഓർമ്മിപ്പിച്ചത്.

അതുകൊണ്ടാണ് ഗാന്ധി ഇന്ത്യയുടെ ആത്മാവ് കണ്ടെത്തുകയും ഭരണസംവിധാനത്തിന്റെ ഏറ്റവും ചെറിയ പ്രാതിനിധ്യ ഘടകമായി മുന്നോട്ട് വെച്ച ഗ്രാമത്തെ അംബേദ്കർ തിരസ്കരിക്കുന്നതും പകരം വ്യക്തിയുടെ / പൗരന്റെ അവകാശാധികാരങ്ങൾക്ക് വേണ്ടി നിലകൊണ്ടതും. ഇന്ത്യൻ ഗ്രാമങ്ങളെ ജീവിതം തളം കെട്ടിനിൽക്കുന്ന ജാതീയതയുടെ ഇടങ്ങളായിട്ടാണ് സ്വാനുഭവങ്ങളിലൂടെ അംബേദ്കർ നോക്കിക്കണ്ടത്. ഗാന്ധിയും അംബേദ്കറും ജാതിയെ കൈകാര്യം ചെയ്തതും വ്യത്യസ്ത രീതിയിലായിരുന്നു.

ദലിതരെ ഹിന്ദുമതത്തിന്റെ ഭാഗമായി കണ്ട് അയിത്തോച്ചാടനത്തിലൂടെയും ഹരിജനോദ്ധാരണത്തിലൂടെയുമുള്ള ഹിന്ദുമത പരിഷ്കരണമായിരുന്നു ഗാന്ധിമാർഗ്ഗം. എന്നാൽ അംബേദ്കർ നിരവധി പ്രക്ഷോഭങ്ങളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും ഹിന്ദുമതത്തെ പരിഷ്കരിക്കാനുള്ള ശ്രമങ്ങൾക്കൊടുവിൽ ഹിന്ദുയിസം എന്നാൽ ജാതിവ്യവസ്ഥയല്ലാതെ മറ്റൊന്നും അല്ലെന്ന് നിർവ്വചിച്ച് അത് നശിക്കാൻ, അത് ഉപേക്ഷിക്കുക മാത്രമേ മാർഗ്ഗമുള്ളൂ എന്ന് പ്രഖ്യാപിച്ച് കൊണ്ട് ഔദ്യോഗികമായി ബുദ്ധമതം സ്വീകരിക്കുകയാണ് ചെയ്തത്. ഹിന്ദുമതത്തിലെയും ബുദ്ധമതത്തിലെയും യാഥാസ്ഥിതികത്വങ്ങളെ നിരാകരിച്ചുകൊണ്ടാണ് ആധുനിക ഇന്ത്യയിൽ ഗാന്ധി ഹിന്ദുമതത്തെയും അംബേദ്കർ ബുദ്ധിസത്തെയും ദർശനപരമായി പ്രതിനിധീകരിക്കുന്നത്.

ബുദ്ധിസ്റ്റും ഗാന്ധിയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിക്കൊണ്ട് സാംദോങ് റിമ്പോച്ചെ (കേരളീയം, 2011 ഒക്ടോബർ) ഇങ്ങനെ പറയുന്നു.

"ഗാന്ധിയും ബുദ്ധിസ്റ്റുകളും തമ്മിൽ അടിസ്ഥാനപരമായ ഒരു വ്യത്യാസമുണ്ട്. ഗാന്ധി തീർത്തും ഈശ്വരവാദിയാണ്. ബുദ്ധിസ്റ്റുകൾ നിരീശ്വരവാദികളാണ്. അവർ ഈശ്വരനിൽ വിശ്വസിക്കുന്നില്ല. അവർ കർമ്മത്തിലും കർമ്മഫലത്തിലും വിശ്വസിക്കുന്നു."

ഇതിൽ ഹിന്ദുമതവും ബുദ്ധമത

വും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം കൂടിയാണ് റിമ്പോച്ചെ വ്യക്തമാക്കുന്നത്. ശങ്കരാചാര്യരുടെ ജന്മശതാബ്ദിയാഘോഷത്തിൽ പങ്കെടുത്തുകൊണ്ട് 'ഹിന്ദുമതം ആത്മാവിൽ വിശ്വസിക്കുമ്പോൾ ബുദ്ധമതം അതിന്റെ നിലനിൽപ്പുപോലും അംഗീകരിക്കുന്നില്ല' എന്ന വ്യത്യാസം ഇതിന് മുമ്പ് ദലൈലാമ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റൊന്ന് ജാതിയിലുള്ള വിശ്വാസത്തെ സംബന്ധിച്ചാണ്. ജാതി ഹിന്ദുമതത്തിന്റെ ആത്മാവ് ആയിരിക്കുമ്പോൾ ബുദ്ധമതം ജാതിയിൽ വിശ്വസിക്കുന്നില്ല. ദലിതരെ ഹിന്ദുമതത്തിന്റെ ഭാഗമായി കണ്ട് ഉദ്ധരിക്കേണ്ടവരാണെന്ന് വിശ്വസിക്കുന്ന ഗാന്ധിയെ രക്ഷകർതൃത്വത്തിന്റെയും ദലിതരെ അഹിന്ദുക്കളായും സ്വതന്ത്രദേശീയതയായും നിർവ്വചിച്ച് ജാതിയിൽ വിശ്വസിക്കാത്ത ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്ത അംബേദ്കറെ സ്വതന്ത്രകർതൃത്വത്തിന്റെ പ്രതീകവുമായാണ് ഇന്ത്യയിലെ ദലിതർ ഇന്ന് നോക്കിക്കാണുന്നത്. 'ഈ ഇരുണ്ടകാലത്ത്' അവർ തിരയുന്നത് അംബേദ്കറെയും ബുദ്ധനെയുമാണ്. അതേ സമയം നാരായൺ ദേസായിയെ പോലുള്ള ഗാന്ധിയൻമാരും ബുദ്ധിജീവികളും ഇന്ത്യയുടെ പല ഭാഗങ്ങളിലായി പുതിയ ഗാന്ധിയെക്കുറിച്ചുള്ള ഗൗരവമേറിയ ചിന്തകളിലാണ്. ഇവരിൽ നിന്ന് സ്വതന്ത്രകർതൃത്വത്തിലൂന്നുന്ന പുതിയ ദലിത് രാഷ്ട്രീയപക്ഷം ഗാന്ധിയൻ രക്ഷകർതൃത്വത്തെയല്ല മറിച്ച് ജാതിക്ക് കുറുകെ സാധ്യമാകേണ്ട സാഹോദര്യവും നാരായൺ ദേസായിയെപ്പോലുള്ളവരിൽ നിന്നും കുറേക്കൂടി പ്രായോഗികമായ ജാതിവിരുദ്ധസമരങ്ങളുമാണ് പ്രതീക്ഷിക്കുന്നത്.

### ഗാന്ധിയൻ വായനാനുഭവം

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനിച്ച ഏതൊരു വ്യക്തിയെയും പോലെ എന്നെയും ബാല്യത്തിൽ ഗാന്ധി ആകർഷിച്ചിട്ടുണ്ട്. കൗമാരത്തിൽ ഗാന്ധിയുടെ ആത്മകഥയോടൊപ്പം സാമൂഹികം, ഗാർഹികം, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളിലെ ഗാന്ധിചിന്തകളടങ്ങുന്ന ഗാന്ധിസാഹിത്യത്തിന്റെ തടിയൻ വാല്യങ്ങൾ ആർത്തിയോടെ വായിച്ച് തീർക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. വലിയ പുസ്തകങ്ങളാണവയെന്ന് തോന്നിക്കാത്തത്രയും ലളിതമായ ഭാഷയിൽ ജീവിതത്തിൽ വളരെ നിസ്സാരമെന്ന് നമ്മൾ കരുതിയേക്കാവുന്ന കാര്യങ്ങളെക്കുറിച്ചു പോലും പറഞ്ഞുകൊണ്ട് ഗാന്ധി നമ്മെ ജീവിതത്തെ ലളിതമായി സമീപിക്കുവാൻ പഠിപ്പിക്കുന്നു. പലപ്പോഴും അതിലളിതവൽക്കരണവും വൈരുദ്ധ്യങ്ങളും അപ്രായോഗികതയും അതിവാദവുമൊക്കെ കണ്ടെത്താൻ കഴിയുമെങ്കിലും ഗാന്ധിയിലെ വൈരുദ്ധ്യങ്ങളായിരുന്നു എന്നെ ഏറെക്കാലം ആകർഷിച്ചത്.

താവോയിസപ്രകാരം (പ്രത്യേകം ശ്രദ്ധിക്കുക, മാവോയിസം അല്ല) എല്ലാ ഉയർന്ന മനുഷ്യരെയും പോലെ ഗാന്ധിയും 'ഒരു ഭാഗത്തിന് വേണ്ടി വാദിക്കുകയും മറുഭാഗത്തിന് വേണ്ടി പ്രവർത്തിക്കുകയും' ചെയ്യുന്നതു കാണാം. ജാതിയിൽ വിശ്വസിക്കുമ്പോഴും ഗാന്ധി ജാതിക്കെതിരെ പ്രവർത്തിക്കുന്നു. ഹിന്ദുമതത്തിന് വേണ്ടി നിലകൊള്ളുമ്പോഴും മറ്റ് മതസ്ഥർക്ക് വേണ്ടി മരിക്കാൻ തയ്യാറാകുന്നു. ആസക്തികൾക്കെതിരെ സംസാരിക്കുമ്പോഴും ആസക്തനാകുന്നു. വർണ്ണവ്യവസ്ഥയിൽ വിശ്വസിക്കുമ്പോൾ തന്നെ വർണ്ണവ്യവസ്ഥയെ ലംഘിച്ചുകൊണ്ട് രക്തസാക്ഷിത്വം വരിക്കുന്നു. സ്വന്തം വിശ്വാസങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ഈ ഗാന്ധിയെയാണ് ശങ്കരവാദികളും മാവോവാദികളും ഇഷ്ടപ്പെടുന്നത്.

അതോടൊപ്പം സാമ്രാജ്യത്വത്തിനും പാരിസ്ഥിതിക നാശത്തിനും ഭീഷണമാകുന്ന ആസക്തികൾക്കെതിരെയും നാം വീണ്ടും ഗാന്ധിയെ കണ്ടെത്തുന്നു. ജാതിവ്യവസ്ഥയെ നേരിടുമ്പോഴാണ് ഗാന്ധി പരാജയപ്പെടുന്നതെന്ന് ഡോ. അംബേദ്കർ മുതൽ നിരവധി കീഴാളപക്ഷ ചിന്തകരും ഗുരു നിത്യചൈതന്യയതിയെപ്പോലുള്ളവരും തുറന്ന് എഴുതിയിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഗാന്ധിയുടെ പ്രതിഛായയ്ക്ക് മങ്ങലേൽക്കുകയും ഡോ. അംബേദ്കറുടെ ചിന്തകൾക്ക് പ്രസക്തിയേറുകയും ചെയ്തത് ഈ പ്രതിസന്ധി ഘട്ടത്തിലാണ്.

എന്റെ വായനയിലും ഈ മാറ്റം സംഭവിച്ചിട്ടുണ്ട്. ഡോ. അംബേദ്കറെക്കുറിച്ചുള്ള പലവിധ പുതിയ വായനകളും ഇന്ന് സജീവമാണ്. ആധുനികൻ, കൊളോണിയൽ ആധുനികതയുടെ ഉപോൽപ്പന്നം, ഉത്തരാധുനികൻ, ആധുനികതയ്ക്കും ഉത്തരാധുനികതയ്ക്കുമിടയിൽ സന്നിഗ്ധത പുലർത്തുന്ന സാമൂഹ്യശാസ്ത്ര ചിന്തകൻ, ബുദ്ധിസ്റ്റ്, ഫെമിനിസ്റ്റ് എന്നീ നിലകളിൽ അദ്ദേഹം വിലയിരുത്തപ്പെടുന്നുണ്ട്. ജാതി എന്ന സാമൂഹ്യ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട ഈ രണ്ട് മഹദ്വ്യക്തികളെ കുറിച്ചുള്ള പുതിയ വായനകളും പ്രവർത്തനങ്ങളും ഇന്ത്യൻ സമൂഹത്തിന്റെ ജനാധിപത്യവല്ക്കരണത്തിന് അനിവാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. വ്യക്തികൾ ജനാധിപത്യവൽക്കരിക്കപ്പെടാതെ സമൂഹം ജനാധിപത്യവൽക്കരിക്കപ്പെടില്ലെന്നും ജനാധിപത്യസമൂഹത്തിൽ മാത്രമേ ഒരു ജനാധിപത്യഭരണകൂടത്തിന് നിലനിൽപ്പുള്ളൂ എന്നും തിരിച്ചറിയുന്ന അംബേദ്കർ ജനാധിപത്യം ഒരു ആശയം മാത്രമല്ല ഒരു ജീവിതരീതിയാണെന്നും അതിന്റെ ഏറ്റവും വലിയ ശത്രു ഇന്ത്യൻസമൂഹത്തിൽ ജാതിയാണെന്നു കൂടി ഓർമ്മിപ്പിക്കുന്നു. ഇന്ത്യയെപ്പോലൊരു ജാതിസമൂഹത്തിൽ Unanimityക്ക് നല്ല ക്ഷമയും ജനാധിപത്യബോധവും വേണമെന്ന നാരായൺദേസായിയുടെ നിരീക്ഷണം ഇവിടെയാണ് പ്രസക്തമാകുന്നത്. ഗാന്ധിയും ബുദ്ധിസ്റ്റുകളും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഒഴിച്ചു നിർത്തിയാൽ ഗാന്ധി പറഞ്ഞതെല്ലാം ബുദ്ധൻ പഠിപ്പിച്ച കാര്യങ്ങളുമായി പൊരുത്തപ്പെട്ടു പോകുന്നതാണെന്ന് റിമ്പോച്ചെ പറയുമ്പോൾ ബുദ്ധനോ കാൾ മാക്സോ? എന്ന അംബേദ്കറുടെ ചോദ്യത്തോടൊപ്പം ബുദ്ധനോ ഗാന്ധിയോ? എന്ന ചോദ്യവും പ്രസക്തമാകുന്നു.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G.Centre

**North Bus Stand, Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com